വർഷത്തെ ബഡ്ജറ്റിൽ തുക നീക്കി വയ്ക്കുകയും എ.എസ്. നൽകിയിട്ടുള്ള തുമാണ് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യാത്രാബോട്ടുകളും സ്പെഷ്യൽ ബോട്ടുകളും ഉപയോഗിച്ച് ജലഗതാഗതത്തിന് ഉപയോഗിക്കുന്ന ഈ ആറുകളുടെയും തോടുകളുടെയും തീരങ്ങൾ ബോട്ട് ഓട്ടം കൊണ്ട് വെള്ളമൊഴുക്കുമൂലവും തീരങ്ങൾ ഇടിഞ്ഞു നശിക്കുന്നതായും തീരങ്ങളിൽ കൂടിയുള്ള നടവഴികൾ നശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടെണ്ടർ ചെയ്ത് ഈ വർക്കുകൾ കരാറുകാരെ ഏൽപ്പിച്ച് കൊടുക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വർക്കുകളുടെ പ്രാധാന്യം കണക്കിലെടുത്തും ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും ഈ വർക്കുകൾ കരാറുകാരെ ഏൽപ്പിച്ച് അടിയന്തിരമായി പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)&(ഡി) 5075-60-800-94- ഉൾനാടൻ ജലഗതാഗതം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് അംഗീകാരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ) ശുപാർശ ലഭിച്ചിട്ടുള്ളതാണ്:-

1. ചമ്പക്കുളം പഞ്ചായത്തിലെ മണിമലയാറിന്റെ കിഴക്കേതീര സംരക്ഷണം.
2. രാമങ്കരി മുതൽ മണലാടി വരെയുള്ള പമ്പയാറിന്റെ തീരസംരക്ഷണം.
3. താലൂക്ക് ആശുപത്രിമുതൽ മങ്കൊമ്പ് വരെയുള്ള പുളിങ്കുന്നു ആറിന്റെ തീര സംരക്ഷണം.
4. കുമരങ്കരി തോടിന്റെ ബ്ലോക്ക് ജെട്ടിമുതൽ പള്ളി ജെട്ടിവരെയുള്ള തീരസംരക്ഷണം.
5. പുളിങ്കുന്നു ആശുപത്രിതോടിന്റെ തീരസംരക്ഷണം.

ഈ പണികൾക്ക് നടപ്പു സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക എസ്റ്റിമേറ്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. കൂടാതെ, ഈ ശീർഷകത്തിൽ ഉൾപ്പെടുത്തി നേരത്തെ നടത്തിയ പല പണികളുടെയും തുകകൾ കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കാനുള്ളതും അവർ കോടതിയെ സമീപിച്ചിട്ടുള്ളതും ആകുന്നു. ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ജോലികൾക്ക് ഈ സാമ്പത്തിക വർഷത്തിലെ ചെലവ്, ബഡ്ജറ്റ് വിഹിതത്തിൽ മാത്രമായി ചുരുക്കിക്കൊണ്ട് ആരംഭിക്കാൻ അനുമതി നൽകുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

(1855) പുഞ്ചപ്പാടങ്ങളിലെ പി.ഐ.പി. കനാലിലെ ചോർച്ച

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആറൻമുള ഗ്രാമപഞ്ചായത്തിലെ കോഴിപ്പാലം, എരുമനാട്, കിടങ്ങന്നൂർ ഭാഗത്തുള്ള പുഞ്ചപ്പാടങ്ങളിൽ പി.ഐ.പി. കനാലിലെ ചോർച്ചകാരണം വെള്ളം കെട്ടിനിൽക്കുന്നതുകൊണ്ട് പുഞ്ചകൃഷി നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.ഐ.പി. കനാലിലൂടെ വെള്ളം ശക്തമായി തുറന്നുവിടുന്നതുകൊണ്ടും കനാലിന്റെ മെയിന്റനൻസ് യഥാസമയം നടത്താത്തതുകൊണ്ടുമാണ് വെള്ളം ചോർന്ന് പാടങ്ങളിൽ കെട്ടിക്കിടക്കുന്നതെന്ന് അറിയാമോ;

(സി) ഈ പാടശേഖരങ്ങളിൽ പുഞ്ചക്കൃഷി എടുക്കുന്നതിന് സഹായകരമായ രീതിയിൽ പാടങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം പമ്പ് ചെയ്തുകളയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പി.ഐ.പി. കനാലിന്റെ മെയിന്റനൻസ് അടിയന്തിരമായി പൂർത്തിയാക്കുന്നതിന് ചെങ്ങന്നൂർ പി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് പുഞ്ചക്കൃഷിക്കാരുടെ യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി.ഐ.പി. കനാലിൽക്കൂടി രൂപകൽപന പ്രകാരം തുറന്നുവിടാവുന്ന ജലം കനാലിന്റെ ശോച്യാവസ്ഥ കാരണം വിടാറില്ല. ഫണ്ടിന്റെ കുറവ് കാരണം അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുവാൻ കഴിയുന്നില്ല. കൂടാതെ പ്രസ്തുത പാടശേഖരങ്ങളിലെ പല നീരൊഴുക്ക് തോടുകളും കയ്യേറ്റം ചെയ്യപ്പെട്ട് ചെറുതായും നിരന്നും കിടക്കുകയാണ്.

(സി) കിടങ്ങന്നൂർ പാടശേഖരങ്ങളിലെ ഏകദേശം 170 ഹെക്ടർ പ്രദേശത്തെ കൃഷി കാര്യക്ഷമമാക്കുന്നതിനും വെള്ളക്കെട്ട് നിർമ്മാർജ്ജനത്തിനുമായി 'കാഡ്' പദ്ധതിയുടെ 'റിക്ലമേഷൻ' സ്കീമിൽ ഉൾപ്പെടുത്തി ഉദ്ദേശം അടങ്കൽ അനുസരിച്ച് 20 ലക്ഷം രൂപ ചെലവ് ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ വിശദമായ സർവ്വേ ജോലികൾ വേനൽക്കാലത്ത് മാത്രമേ നടത്തുവാൻ കഴിയുകയുള്ളൂ. കൂടാതെ ഈ പ്രദേശത്തുള്ള കൃഷിക്കാരുടെ സമിതികൾ 'കാഡ്' സ്കീം പ്രകാരം രജിസ്റ്റർ ചെയ്യപ്പെടേണ്ടതും പ്രവർത്തിക്കപ്പെടേണ്ടതുമാണ്. ഈ പ്രദേശത്തുള്ള മിക്ക കൃഷിക്കാരും കൃഷിപ്പണികളോട് വിമുഖത കാണിക്കുന്നതായാണ് മനസ്സിലാക്കുന്നത്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കനാലിന്റെ മെയിന്റനൻസ് പണികൾ നടത്തുന്നതാണ്.

(ഇ) സ്വീകരിക്കുന്നതാണ്.

(1856) ജലസേചനവകുപ്പ് പിറവത്ത് നിർമ്മിക്കുന്ന ഐ.ബി. യുടെ നിർമ്മാണം.

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly